# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 2990.

21..6..2013-ൽ മറുപടിക്ക്

## പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി

**ചോദ്യം**

ശ്രീ. പാലോട് രവി:
ശ്രീ. വർക്കല കഹാർ:
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ഐ.സി. ബാലകൃഷ്ണൻ:

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) പാലുൽപാദനം പ്രതിദിനം ഒരു ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(എ) പ്രതിദിനം ഒരു ലക്ഷം ലിറ്റർ പാൽ എന്ന പ്രത്യേക ലക്ഷ്യത്തോടെയുള്ള ഒരു പദ്ധതി ക്ഷീരവികസനവകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ, പാലുൽപാദനം പ്രതിദിനം ഒരു ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൃഗസംരക്ഷണ വകുപ്പ് 'ഗോവർദ്ധിനി' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം രണ്ട് വർഷം കൊണ്ട് ഒരു ലക്ഷം കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തി അവയ്ക്ക് 28 മാസം പ്രായമാകുന്നതുവരെ തീറ്റ, ആരോഗ്യപരിരക്ഷ എന്നിവ നല്കുന്നു. പദ്ധതിയുടെ ആകെ അടങ്കൽ തുക 298.95 കോടി രൂപയാണ്. ഇതിൽ 95.83 കോടി രൂപ കേന്ദ്രസർക്കാർ വിഹിതവും, 66.82 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും, 51.97 കോടി രൂപ തദ്ദേശ സ്വയംഭരണ വിഭാഗ വിഹിതവും, 84.33 കോടി രൂപ ഗുണഭോക്തൃ വിഹിതവു മാണ്. പദ്ധതി കേന്ദ്രസർക്കാരിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) 1. ഗോവർദ്ധിനി പദ്ധതി പ്രകാരം 4-6 മാസം പ്രായമായ ഒരു ലക്ഷം കന്നുകുട്ടികളെ രണ്ട് വർഷം കൊണ്ട് പദ്ധതിയിൽ ചേർത്ത് അവയ്ക്ക് 28 മാസം പ്രായമാകുന്നതുവരെ തീറ്റ, ഇൻഷുറൻസ് കവറേജ്, വിറ്റമിൻ, വിരമരുന്ന്, മിനറൽ മിക്സ്ചർ എന്നിവ നല്കുന്നു.

2. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ശാസ്ത്രീയമായ കന്നുകുട്ടി വളർത്തലിന് പരിശീലനം നല്കുന്നു.
3. പദ്ധതി പ്രകാരം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അസോള, പുൽകൃഷി എന്നിവ വ്യാപിപ്പിക്കുന്നു.
4. ആദ്യത്തെ വർഷം കൊണ്ട് 50,000 കന്നുകുട്ടികളെയും, രണ്ടാമത്തെ വർഷം കൊണ്ട് 50,000 കന്നുകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നു.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) കേന്ദ്രസർക്കാരിന്റെയും സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കളുടെയും സഹകരണത്തോടെ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കാം എന്നാണ് നിലവിൽ വിഭാവനം ചെയ്യുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പദ്ധതി കേന്ദ്രസർക്കാരിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ.